**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **11-02-2025 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടി പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള 20 ഓളം സെന്റ് സ്ഥലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; ഈ വിഷയത്തിൻമേൽ സാസ്കാരിക വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടിപ്പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 20 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി നിലവിലുണ്ട്. നാട്ടരങ്ങ് സ്ഥാപിക്കുന്നതിലേക്ക് എൻ.ഒ.സി, ഭൂമിയുടെ വിശദാംശങ്ങൾ, നിർവ്വഹണ ഏജൻസിയുടെ വിശദാംശങ്ങൾ, നിർമ്മാണ ഏജൻസിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പരമാവധി 30 ലക്ഷത്തിൽ അധികമാകാതെയുള്ള എസ്റ്റിമേറ്റ് എന്നിവ അടങ്ങിയ പ്രപ്പോസൽ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ